"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സർക്കാർ ആയുർവേദ ആശുപത്രികളിൽ ഔഷധം വിതരണം ചെയ്യുന്നതിന് കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘത്തിന് നൽകിയിട്ടുള്ള അനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1015/2024/LSGD തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 566/2020/ത.സ്വ.ഭ.വ; തീയതി 06.03.2020
2. കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) പ്രസിഡന്റിന്റെ 05.12.2023ലെ Esst./(Q)279/Govt.supply/2023 കത്ത്
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 29.02.2024ലെ DISM/509/2024-C2 നമ്പർ റിപ്പോർട്ട്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.04.2024ലെ LSGD/PD/10924/2024-PH2 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘത്തിന്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച്, തങ്ങളുടെ കീഴിലുള്ള സർക്കാർ ആയുർവേദ ആശുപത്രികളിൽ മരുന്ന് വിൽപ്പന നടത്തുന്നതിന് 2017 മുതൽ അനുമതി നൽകി വരുന്നുണ്ട്. പരാമർശം 1 ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപ്രതികളിലേക്ക് 31.12.2023 വരെ മരുന്ന് വിതരണം ചെയ്യാൻ കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘത്തിന് അനുമതി നൽകിയിട്ടുണ്ട്.

2. സർക്കാർ ആയുർവേദ ആശുപത്രികൾക്ക് മരുന്നുകൾ വിൽപ്പന നടത്തുന്നതിന് ടി സഹകരണ സംഘത്തിന് മേൽ പ്രകാരം അനുമതി നൽകിയിട്ടുള്ളത് അനുസരിച്ച്, സമയ ബന്ധിതമായി യാതൊരുവിധ പരാതികൾക്കും ഇടനൽകാതെ മരുന്നുകൾ വിതരണം ചെയ്തു വരുന്നുണ്ട് എന്നും സംഘം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക്/ ഡിസ്പെൻസറികൾക്ക് തദ്ദേശ ഭരണ സ്ഥാപന വിഹിതം ഉപയോഗിച്ച് വാങ്ങുന്നതിന് നൽകിയിട്ടുള്ള അനുമതി, സംഘത്തിന്റെ ഡ്രഗ്സ് ലൈസൻസിന്റെയും ജി.എം.പി. സർട്ടിഫിക്കറ്റിന്റെയും കാലാവധി അവസാനിക്കുന്ന 31/12/2028 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) പ്രസിഡന്റ് പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) ഉൽപാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക്/ഡിസ്പെൻസറികൾക്ക് തദ്ദേശ ഭരണ സ്ഥാപന വിഹിതം ഉപയോഗിച്ച് വാങ്ങുന്നതിന് 31.12.2023 വരെ നൽകിയിട്ടുള്ള അനുമതി, ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. കൊല്ലം ജില്ലയിൽ ആയുർവേദ ഔഷധ നിർമ്മാണ രംഗത്ത് വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യമുള്ള സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായതിനാലും, സാധുതയുള്ള ഡ്രഗ് ലൈസൻസ്, GMP സർട്ടിഫിക്കറ്റ് എന്നിവ കരസ്ഥമാക്കിയിട്ടുള്ളതിനാലും, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനം ഉൽപാദിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ തദ്ദേശസ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനുള്ള അനുമതിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറും ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) തനതായി ഉൽപാദിപ്പിക്കുന്നതും സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ അംഗീകാരം ഉള്ളതുമായ ആയുർവേദ ഔഷധങ്ങൾ, വകുപ്പിൽ പ്രാബല്യത്തിൽ ഉള്ള നിരക്കിൽ അധികരിക്കാതെയും പരാമർശിത ഉത്തരവിൽ അനുശാസിക്കുന്ന വിലക്കിഴിവോടെ നൽകണമെന്നും ഗുണനിലവാരം മെഡിക്കൽ ഓഫിസർമാർ ഉറപ്പാക്കണമെന്നുമുള്ള നിബന്ധനയോടെ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്യുന്നതിന്, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘത്തിന് നൽകിയിട്ടുള്ള അനുമതി, **31.12.2026** വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം), മുണ്ടക്കൽ, കൊല്ലം.
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
9. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 12-06-2024 11:04:40

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്